## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 3986 — 16/05/2017-ൽ മറുപടിയ്ക്ക്

## ലക്ഷം വീട് പദ്ധതി

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വീടുകൾ വാസയോഗ്യമല്ലാതായി തീർന്നിരിക്കുന്ന നിലവിലെ അവസ്ഥ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്താൽ നിർമ്മിച്ച പണി പൂർത്തിയായി 8 വർഷം കഴിഞ്ഞ വീടുകൾക്ക് മാനദണ്ഡങ്ങളനുസരിച്ച് അറ്റ കുറ്റപണികൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിന് 23/01/17 ലെ സ.ഉ (സാധാ) 192/17/ത.സ്വ.ഭ.വ. നമ്പർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ലൈഫ് മിഷന്റെ സർവ്വേയിൽ വാസയോഗ്യമല്ലാത്ത ഭവനമുള്ളവരെ കണ്ടെത്താനുള്ള പരിശോധനയും നടത്തുന്നതാണ്. |
| (ബി) | തലശ്ശേരി നിയോജക മണ്ഡലത്തിലെ ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ച മിക്കവാറും വീടുകൾ ഇപ്പോൾ വാസയോഗ്യമല്ല; ആയതിനാൽ ഇവയ്ക്ക് പകരം ഫ്ലാറ്റ് രൂപത്തിലുള്ളവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | ലൈഫ് മിഷൻ 3 തരം ആനുകൂല്യങ്ങളുടെ ഘടനയാണ് വിഭാവനം ചെയ്തിരിക്കുന്നത്.<br>1. ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവന നിർമ്മാണത്തിന് ആനുകൂല്യം.<br>2. ഭൂരഹിതരായുള്ള ഗുണഭോക്താക്കൾക്ക് ഭവന സമുച്ചയത്തിലൂടെ പുനരധിവാസം.<br>3. വിവിധ പദ്ധതികളിലൂടെ സർക്കാർ ധനസഹായം ലഭ്യമായെങ്കിലും ഭവനം പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് പൂർത്തീകരണത്തിന് സഹായം.<br>വാസയോഗ്യമല്ലാത്ത നിലവിലുള്ള ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിന് LIFE പദ്ധതി പ്രകാരം സാധ്യമാണ്. നിലവിൽ പുതിയ ഭവനങ്ങൾ നിർമ്മിക്കേണ്ട സാഹചര്യമാണെങ്കിൽ ലക്ഷം വീട്ടു സ്ഥിതിചെയ്യുന്ന സ്ഥലം ലൈഫ് പദ്ധതിയ്ക്കായി നല്കിയാൽ ഇക്കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ